പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 7842 16.07.2014-ൽ മറുപടിയ്ക്ക്

# വൈദ്യുതി ദൗർലഭ്യവും സംസ്ഥാനത്തിൻെറ പുരോഗതിയും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരിം :<br>പ്രൊഫ. സി. രവീന്ദ്രനാഥ് :<br>ശ്രീ. കെ. സുരേഷ് കുറുപ്പ് :<br>ശ്രീമതി. പി. അയിഷാപോറ്റി : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) വൈദ്യുതിയുടെ ദൗർലഭ്യം സംസ്ഥാനത്തിന്റെ പുരോഗതിക്ക് വിഘാതമാകുന്നതായി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(ബി) അധികൃതരുടെ അനാസ്ഥയും ആസൂത്രണത്തിലെ അപാകതയും വൈദ്യുതി ദൗർലഭ്യത്തിന് കാരണമാകുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(സി) എങ്കിൽ ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ; | (എ) (ബി) & (സി) ഈ വർഷം മൺസൂൺ മഴയിലുണ്ടായ കുറവുമൂലവും, മറ്റ് മേഖലയിൽ നിന്നും ദക്ഷിണേന്ത്യയിലേയ്ക്ക് വൈദ്യുതി കൊണ്ടു വരുന്നതിന് പ്രസരണ ഇടനാഴിയുടെ അപര്യാപ്തത നിലനിൽക്കുന്നതിനാലും സംസ്ഥാനത്ത് വൈദ്യുതി ദൗർലഭ്യം നിലവിലുണ്ട്. ടി പ്രതിസന്ധി അധികൃതരുടെ അനാസ്ഥകൊണ്ടോ, ആസൂത്രണ പിഴവുകൊണ്ടോ ഉണ്ടായിട്ടുള്ളതല്ല. |
| (ഡി) വിവിധ സംരംഭകർ സംസ്ഥാനത്ത് മുതൽമുടക്കുന്നതിൽ വൈദ്യുതി പ്രതിസന്ധി വിഘാതമാകുന്നതായി സർക്കാർ കരുതുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) നിലവിൽ സംസ്ഥാനത്ത് ലോഡ്ഷെഡിംഗോ, പവർകട്ടോ ഏർപ്പെടുത്തിയിട്ടില്ല. സംസ്ഥാനത്ത് രൂക്ഷമായ വൈദ്യുതി പ്രതിസന്ധി ഉണ്ടെങ്കിലും കായംകുളത്ത് എൻ.റ്റി.പി.സി.-യുടെ നാഫ്ത ഉപയോഗിച്ചുള്ള വൈദ്യുതി നിലയത്തിൽ നിന്നും, വൈദ്യുതി ബോർഡിന്റെ ബി.ഡി.പി.പി., കെ.ഡി.പി.പി തുടങ്ങിയ ദ്രവ ഇന്ധന നിലയങ്ങളിൽ നിന്നും കൂടുതൽ വിലയ്ക്ക് കൂടുതൽ വൈദ്യുതി ഉല്പാദിപ്പിച്ച് വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ വേണ്ട നടപടികൾ വൈദ്യുതി ബോർഡ് സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.